## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 40** — **02.12.2014-ൽ മറുപടിയ്ക്ക്**

# കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള വൈദ്യുതി

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ :

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നുള്ള വൈദ്യുതി കേരളത്തിലേയ്ക്ക് കൊണ്ടുവരാനുള്ള വൈദ്യുതി ലൈനിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു വരെയായി ; സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(എ) കൂടംകുളം ആണവ നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ടി തിരുനെൽവേലി മുതൽ ഇടമൺ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ നിന്നും മാടക്കത്തറ വരെയുള്ള ലൈൻ നിർമ്മാണവും കൊച്ചിയിൽ ഒരു 400 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതിൻെറ ആവശ്യമില്ല. 1885-ലെ കേന്ദ്ര ടെലഗ്രാഫ് ആക്ട് വ്യവസ്ഥ ചെയ്തതിൻ പ്രകാരം ലൈൻ വലിക്കുന്നതു മൂലമുണ്ടാകുന്ന കേടുപാടുകൾക്കുള്ള നഷ്ടപരിഹാരം നല്കിയാണ് റൈറ്റ് ഓഫ് വേ നേടുന്നത്. എന്നാൽ ഇടമൺ മുതൽ കൊച്ചി വരെയുള്ള ലൈൻ നിർമ്മാണം പ്രസ്തുത ലൈൻ റൂട്ടിലെ കർഷകരുടെ എതിർപ്പ് മൂലം തടസ്സപ്പെട്ടിരിക്കുകയാണ്.

(ബി) ഗവൺമെൻറ് പ്രഖ്യാപിച്ച നഷ്ടപരിഹാര പാക്കേജ് അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

(ബി) ഉണ്ട്. ഇടമൺ - കൊച്ചി 400 കെ.വി റൂട്ടിലേക്കായി മാത്രം 19-08-2014-ലെ (എം. എസ്) 27/14/ഊ. വ നമ്പർ ഉത്തരവു പ്രകാരം സർക്കാർ പ്രഖ്യാപിച്ച പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുന്നതിൻെറ പുരോഗതി വിലയിരുത്തുന്നതിനും ആയത് സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരികയാണ്. ബന്ധപ്പെട്ട ജന പ്രതിനിധികളേയും ആക്ഷൻ കൗൺസിൽ പ്രതിനിധികളേയും പങ്കെടുപ്പിച്ചുകൊണ്ട് 18-11-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനായി യോഗം ചേരുകയും കൂടുതൽ ചർച്ചകൾക്കായി 04-12-2014-ൽ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ ലൈനിൻെറ പണികൾ എത്രകാലം കൊണ്ട് പൂർത്തിയാക്കാനാണ് തീരുമാനിച്ചിരുന്നത് ; ഇനി ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

(സി) ഇടമൺ - കൊച്ചി ലൈനിൻെറ നിർമ്മാണം അനുവദിച്ചു നൽകിയപ്പോൾ ഈ പ്രവൃത്തി 2010-നു മുൻപ് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. റൈറ്റ് ഓഫ് വേ പ്രശ്നങ്ങൾ ഉടൻ തന്നെ പരിഹരിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ.**